# പള്ളികഥകൾ

## മിനികഥകൾ നാല്പത്തിയൊന്നാമത്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫച്ചൻ അമേരിക്കയിൽ നടന്ന ഒരു സംഭവകഥയാണ് ഇപ്പോൾ പറയാൻ പോകുന്നത്. നമ്മുടെ നാട്ടിലെ ഒരുകുഗ്രാമത്തിൽ ജനിച്ചു വളന്ന് പട്ടക്കാരനോ, മേല്പട്ടക്കാരനോ സാധാരണക്കാരനോ അമേരിക്കയിൽ വന്നാൽ കാണിക്കുന്ന, ചെയ്യുന്ന കാര്യങ്ങൾക്ക് ഒരു നല്ല ഉദാഹരണമാണ് ഇക്കഥ.

### കുരുത്തക്കേട്

ഇത് അമേരിക്കയിലെ ഒരു പള്ളിയിൽ നടന്ന കഥയാണിത്. ഏകദേശം എഴുപത്തഞ്ചു വയസു പ്രായമുള്ള വലിയ വർഗ്ഗീസച്ചൻ അമേരിക്കയിൽ എത്തി. വർഗ്ഗീസെന്നാണ് അച്ചന്റെ പേരെങ്കിലും സഭയിൽ ധാരളം വർഗ്ഗീസച്ചന്മാരുള്ളതിനാൽ ഇദ്ദേഹത്തെ പ്രത്യേകം പെട്ടന്ന് തിരിച്ചറിയാൻ ഉപയോഗിക്കുന്നതാണ് ഈ പേര്. ഇക്കാര്യം അദ്ദേഹത്തിനും അറിയാമെങ്കിലും യാതൊരെതിർപ്പുമില്ല.

ജനിച്ചപ്പോൾ മുതൽ കേരളത്തിലെ കുഗ്രാമങ്ങളിൽ മാത്രം ജീവിച്ച അദ്ദേഹത്തിന് വിമാനത്തിൽ കയറിയപ്പോൾ മുതൽ കുരുത്തക്കേടുകൾ മാത്രമാണുള്ളത്. അത്യാവശ്യം ഇംഗ്ലീഷ് സംസാരിക്കുന്ന അദ്ദേഹത്തിന്റെ വിചാരം അദ്ദേഹം ഇംഗ്ലീഷിന്റെ ജ്ഞാനപീഠം കരസ്ഥമാക്കിയിട്ടുണ്ടെന്നാണ്.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ എന്ന് ഇപ്പോഴും പ്രാത്ഥിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന് വിമാനത്തിൽ കയറിയപ്പോൾ മുതലുള്ള വലിയ ആഗ്രഹമാണ്, വിമാനം ആകാശത്തിലൂടെ പറക്കുമ്പോൾ, ആകാശത്തിലെവിടെയാണ് ഈ ബാവാതമ്പുരാൻ ഇരിക്കുന്നതെന്ന് കാണണമെന്നായിരുന്നു. ഇക്കാര്യം അദ്ദേഹം എയർഹോസ്റ്റസുമാരോട് പല ആവത്തി പറയുകയും ചെയ്തു. കൂടാതെ എയർഹോസ്റ്റസുകാരെ എപ്പോഴും ലൈറ്റിട്ട് വിളിച്ച് ശല്യപ്പെടുത്തിക്കൊണ്ടുമിരുന്നു. ദയറാ പട്ടക്കാരൻ ഈ സുന്ദരികളെ കണ്ടപ്പോൾ, ഞരമ്പു രോഗികളെപോലെ അസുഖമുണ്ടായതാണോയെന്ന് സംശയിക്കും. അവരും ഇദ്ദേഹത്തെകൊണ്ട് വശംകെട്ടെങ്കിലും അത് പ്രദശിപ്പിക്കാതെ കഴിച്ചുകൂട്ടി.

അങ്ങിനെ ഒരു വിധത്തിൽ അമേരിക്കയിൽ അദ്ദേഹം എത്തിച്ചേന്ന് എന്നു പറയുന്നതാണ് കൂടുതൽ ശരി. മറ്റുള്ളവക്ക് ബുദ്ധിമുട്ടോ പ്രയാസമോ ഉണ്ടാകുന്നതൊന്നും അദ്ദേഹത്തിന് ഒരു പ്രശ്നമല്ല. ''ഞാൻ സഭയിലെ സീനിയർ വൈദികനാണ്; എന്നെ എല്ലാവരും ബഹുമാനിച്ചുകൊള്ളണമെന്നാണ് അദ്ദേഹത്തിന്റെ അഭിമതം.

വിമാനത്തിൽ വെച്ച് മലമൂത്ര വിസജ്ജനം നടത്തിയാൽ താഴെ വീണ് വല്ല ആൾക്കാരുടയോ ദേഹത്ത് വീഴുമോയെന്ന് എയർഹോസ്റ്റസുകാരോട് സംശയം ചോദിച്ചു. ചുറ്റുമുള്ളവരും എയർഹോസ്റ്റസും കാണട്ടെയെന്റെ ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്നതിന്റെ പ്രാവീണ്യമെന്നും ധാരണയുണ്ടായിരുന്നു. എന്തായാലും കൊച്ചിയിൽ നിന്ന് അമേരിക്കയിലെ വീട്ടിൽ വന്നു ചേരുന്നതുവെരെ അദ്ദേഹം മലമൂത്ര വിസജ്ജനം ചെയ്തില്ലന്നുള്ളത് സത്യമാണ്.

ആ ഇടവകയിലെ റിട്ടയർ ചെയ്തിരിക്കുന്ന ഭാര്യാഭത്താക്കന്മാരാണ് ജോണിച്ചായനും തങ്കമ്മാമ്മയും. ആ പള്ളിയിലുള്ളവരെല്ലാം അവരെ അച്ചായൻ, അമ്മാമ്മ എന്നു മാത്രമാണ് വിളിച്ചിരുന്നത്. അവർ ആ പള്ളിയിലെ ഏറ്റവും മാന്യരായ ആൾക്കാരുമായിരുന്നു. ഒരു മകൾ ഉള്ളത് വിവാഹം കഴിച്ച് വളരെ ദൂരെയാണ് താമസം. അവർ പുത്തനായി പണികഴിപ്പിച്ച കസ്റ്റംമെയഡ് വീട്ടിലാണ് താമസം. വളരെ വിലയേറിയ മനോഹരമായ ഒരു വീടാണത്. പ്രായമുള്ള ഒരു സന്യാസി അച്ചനാണ് നാട്ടിൽ നിന്നും വരുന്നത്; നല്ല പ്രാത്ഥനയും ഭക്തിയുമുള്ള അച്ചനാണല്ലോ; നമ്മൾക്ക് അനുഗ്രഹം കിട്ടുമല്ലോയെന്നെല്ലാം കരുതിയാണ് നമ്മുടെ വലിയ അച്ചനെ അവിടെ നാമസിപ്പിച്ചുകൊള്ളമെന്ന് അവർ താല്പര്യപ്പെട്ടത്. എന്നാൽ അച്ചൻ അവിടെ ചെന്നപ്പോൾ മുതൽ കുരുത്തക്കേടുകളായിരുന്നു. ശരിക്കും അവക്ക് തലവേദനയായിരുന്നു. കക്കൂസിൽ ചെന്നപ്പോൾ ''അയ്യേ, ഇതേൽ ഇരുന്നെങ്ങനെ കാര്യം സാധിക്കുമെന്നായി. അങ്ങിനെ ഓരോ കാര്യത്തിനും നിബന്ധബുദ്ധിയും മുശേട്ട സ്വഭാവവുമായിരുന്നു അച്ചന്റേത്.

ഒരു ദിവസം വളരെ അത്യാവശ്യമായി ചില സാധനങ്ങൾ വാങ്ങാനായി അവർ ഭാര്യാഭത്താക്കന്മാർ ഒന്നിച്ച് കടയിൽ പോയി. അച്ചൻ തനിച്ചേ ഉള്ളു. അവർ ഉടനെ തന്നെ എത്തും; അത്രയും സമയം അച്ചൻ ഉറങ്ങുകയോ വിശ്രമിക്കുകയോ ചെയ്തുകൊള്ളാൻ പ്രത്യേകം പറഞ്ഞേല്പിച്ചിട്ടായിരുന്നു അവർ പോയത്. എന്നാൽ വൈകുന്നേരമായപ്പോൾ അച്ചന് കാപ്പി കുടിക്കണമെന്ന് നിബന്ധബുദ്ധിയുള്ള കൂട്ടത്തിലാണ്. എല്ലാ ദിവസവും കൃത്യം നാലു മണിക്ക് നിബന്ധമായും കാപ്പി കിട്ടിയിരിക്കണം. അക്കാര്യം ഈ വീട്ടുകാർ മറന്നുപോയി. അച്ചന് അവർ വരുന്നതുവെരെ നോക്കിയിരിക്കാൻ പറ്റാതായി. എന്തിന് അവർ വരുന്നതുവെരെ നോക്കിയിരിക്കണം. കാപ്പിപൊടിയും പഞ്ചസാരയും പാലും എല്ലാം ഇരിക്കുന്നിടം അച്ചനറിയാം. ആ വീട്ടിൽ ഇപ്പോൾ താമസിക്കാൻ തുടങ്ങിയിട്ട് കുറച്ചു ദിവസമായല്ലോ.

ആ പുത്തൻ വീട്ടിലെ വളരെ വിലകൂടിയ പുത്തൻ അടുപ്പിന്റെ നേരേ അടിയിലുള്ള ഓവൺന്റെ അകത്താണ് സാധാരൺ ആ വീട്ടിലെ പാലപ്പമുണ്ടാക്കുന്ന പാത്രവും ചെറിയ ചീനചട്ടിയുമെല്ലാം വെയ്ക്കാറ്. സാധാരണ പപ്പടമോ അതുപോലെ എന്തെങ്കിലുമോ ഉണ്ടാക്കികഴിഞ്ഞാൽ ഉടനെ തന്നെ ആ എണ്ണ കളഞ്ഞ് ചീനച്ചട്ടി നല്ലവിധം തൂത്തു തുടച്ചശേഷമേ വെയ്ക്കാറുള്ളു. എന്നാൽ കഴിഞ്ഞ ദിവസം അച്ചന് പരിപ്പുവട ഇഷ്ടമാണെന്ന് മനസ്സിലാക്കി, വട ഉണ്ടാക്കി കഴിഞ്ഞ് നോക്കിയപ്പോൾ അതു നല്ല എണ്ണയാണല്ലോ, അടുത്ത ദിവസം കൂടെ വട ഉണ്ടാക്കാമല്ലോയെന്നു കരുതി ചീനച്ചട്ടി അലൂമിനിയം പേപ്പറുകൊണ്ട് നല്ലവിധം അടച്ച് പതിവുപോലെ ഓവനിന്റെ അകത്തു വെച്ചിട്ടുണ്ടായിരുന്നു. നമ്മുടെ അച്ചൻ കാപ്പി ഉണ്ടാക്കാനായി എങ്ങാണ്ടെല്ലാം പിടിച്ച് തിരിച്ച് അടുപ്പ് കത്തിച്ച് നല്ല കാപ്പി ഉണ്ടാക്കി. നാട്ടിൽ ചെല്ലുമ്പോൾ കേമം പറയുകയും ചെയ്യാമല്ലൊ; അമേരിക്കയിൽ ഞാൻ തന്നെ കാപ്പി ഉണ്ടാക്കി കുടിച്ചു എന്ന്.

കാപ്പികുടിയെല്ലാം കഴിഞ്ഞ് അച്ചൻ പോയി കിടന്നുറങ്ങി. ഏതാണ്ടു നാറ്റം എങ്ങാണ്ടുന്നെല്ലാം വരുന്നുണ്ടെങ്കിലും അതൊന്നും അച്ചൻ കാര്യമാക്കിയില്ല. അടുപ്പു കത്തിച്ച കൂട്ടത്തിൽ അച്ചൻ ബ്രോയിലറിന്റെ ബട്ടണും തിരിച്ച് അതും കത്തിച്ചു. അത് കത്തി മുകളിൽ ഇരുന്ന ചീനച്ചട്ടിയിലെ എണ്ണയ്ക്ക് തീ പിടിച്ച് അടുപ്പിന്റെ മുകളിൽ കൂടി തീ കത്തി അടുക്കള ഭാഗത്തു കൂടെ വീടിന് തീ പിടിച്ചു. അഗ്നിശമനയന്ത്രത്തിന്റെ ശബ്ദത്തിന്റേയും മറ്റു കോലഹലങ്ങളും കേട്ടപ്പോൾ അച്ചന് വീടിന് തീ പിടിച്ച കാര്യം മനസ്സിലാക്കി. ഉടനെ തന്നെ പള്ളി സെക്രട്ടറിയെ വിളിച്ചു വരുത്തിയതോടൊപ്പം അച്ചന്റെ സാധനങ്ങളെല്ലാം കെട്ടിപ്പെറുക്കി പോകാൻ തയ്യാറായി. ''ഇങ്ങിനെ തീ പിടിക്കുന്ന പന്നംപിടിച്ച വീട്ടിലാണോ എന്നെ താമസിപ്പിച്ചതെന്ന പരാതിയുമായി. പെട്ടന്ന് കേരളത്തിൽ വിവരം കിട്ടി ''നമ്മുടെ വല്യഅച്ചനെ തീപിടിക്കുന്ന പന്നം പിടിച്ച വീട്ടിൽ കൊണ്ടു താമസിപ്പിച്ചു. ദൈവകൃപകൊണ്ട് അച്ചനൊന്നും പറ്റിയില്ല.